**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ഇടുക്കി ദാരിദ്ര്യ ലഘൂകരണ വിഭാഗം അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ (ഡബ്ല്യു.ഡി)-ക്ക് ജില്ലാ വനിതാ ക്ഷേമ ഓഫീസറുടെ അധികച്ചുമതല നല്കിയ ഇടുക്കി ജില്ലാ കളക്ടറുടെയും, അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ (പി&എം)-ന്റെ അധികച്ചുമതല നല്കിയ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടറുടെയും നടപടിക്രമങ്ങൾ സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം. 3073/2018/ത.സ്വ.ഭ.വ** **തിരുവനന്തപുരം, തീയതി, 04.12.2018.**

പരാമർശം:
1) ഇടുക്കി ജില്ലാ കളക്ടറുടെ 11.08.2015-ലെ ഡി2/2394/15/എഡിസി/ഐഡികെ നമ്പർ നടപടിക്രമം
2) ഇടുക്കി ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടറുടെ 29.06.2016-ലെ എ5-526/13 നമ്പർ നടപടിക്രമം.
3) ഗ്രാമവികസന കമ്മീഷണറുടെ 26.04.2018, 03.11.2018 തീയതികളിലെ 16821/എസ്റ്റാ.എഡി3/2016/സിആർഡി നമ്പർ കത്ത്.

**ഉത്തരവ്**

ഇടുക്കി ജില്ലാ വനിതാ ക്ഷേമ ഓഫീസറായ ശ്രീമതി ഉഷാകുമാരി വിടുതൽ ചെയ്തപ്പോൾ 11.08.2015 മുതൽ 14.02.2016 വരെ ജില്ലാ വനിതാ ക്ഷേമ ഓഫീസറുടെ അധികച്ചുമതല, പരാമർശം (1) പ്രകാരം ദാരിദ്ര്യ ലഘൂകരണ വിഭാഗം അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ (ഡബ്ല്യു.ഡി) ആയി സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി സഫിയ ബീവിക്ക് നല്കിയിരുന്നു. ഇടുക്കി ദാരിദ്ര്യ ലഘൂകരണ വിഭാഗം അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ (പി&എം) ആയി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. ലാസർ.എ 12 ദിവസത്തേയ്ക്ക് പരിവർത്തിതാവധിയിൽ പ്രവേശിച്ചപ്പോൾ, പ്രസ്തുത തസ്തികയുടെ അധികച്ചുമതല, പരാമർശം (2) പ്രകാരം 27.06.2016 മുതൽ 13.07.2016 വരെ, ശ്രീമതി സഫിയ ബീവിക്ക് നല്കിയിരുന്നു. ഇടുക്കി ജില്ലാ കളക്ടറുടെയും, ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടറുടെയും മേൽ നടപടികൾക്ക് സാധൂകരണം നൽകണമെന്ന് ഗ്രാമവികസന കമ്മീഷണർ പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇടുക്കി ജില്ലാ വനിതാ ക്ഷേമ ഓഫീസർ സ്ഥലംമാറ്റം ലഭിച്ച് വിടുതൽ ചെയ്തപ്പോൾ, പ്രസ്തുത തസ്തികയുടെ അധികച്ചുമതല, ഇടുക്കി ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ (ഡബ്ല്യു.ഡി) ആയി സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി സഫിയ ബീവിക്ക് നല്കിയ ഇടുക്കി ജില്ലാ കളക്ടറുടെ പരാമർശം (1)-ലെ നടപടിയും, ഇടുക്കി ദാരിദ്ര്യ ലഘൂകരണ വിഭാഗം അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ (പി&എം) പരിവർത്തിതാവധിയിൽ പ്രവേശിച്ചപ്പോൾ, പ്രസ്തുത തസ്തികയുടെ അധികച്ചുമതല, ഇടുക്കി ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ (ഡബ്ല്യു.ഡി) ആയി സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി സഫിയ ബീവിക്ക് നല്കിയ ഇടുക്കി ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടറുടെ പരാമർശം (2)-ലെ നടപടിയും സാധൂകരണം നല്കി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**പ്രീത കെ.എസ്.**

**ഡെപ്യൂട്ടി സെക്രട്ടറി**

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

ശ്രീമതി സഫിയ ബീവി, അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ (ഡബ്ല്യു.ഡി) , ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം, ഇടുക്കി (ഗ്രാമവികസന കമ്മീഷണർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം/തൃശ്ശൂർ.
ജില്ലാ കളക്ടർ, ഇടുക്കി
ജില്ലാ ട്രഷറി ഓഫീസർ, ഇടുക്കി
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ